**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 767** **06-10-2021 - ൽ മറുപടിയ്ക്ക്**

**കൊണ്ടോട്ടി മണ്ഡലത്തിലെ എസ്. സി. കോളനികളുടെ വികസനം.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി കൊണ്ടോട്ടി മണ്ഡലത്തിലെ പട്ടികജാതി കോളനികളുടെ വികസനത്തിനായി നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ പുരോഗതി വിശദമാക്കാമോ; | (എ) | വിശദാംശങ്ങൾ അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു. |
| (ബി) | പ്രവർത്തി ഏറ്റെടുത്ത ഏജൻസികൾ പദ്ധതി പൂർത്തിയാക്കുന്നുണ്ടോ എന്നുറപ്പാക്കുന്നതിനായി വകുപ്പുതല പരിശോധന കൃത്യമായി നടക്കുന്നുണ്ടോ എന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | പ്രവൃത്തികൾ കൃത്യമായി അവലോകനം ചെയ്യുന്നതിനും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ഡയറക്ടറേറ്റ് തലത്തിലും ജില്ലാ ഓഫീസുകൾ മുഖേനയും ഫീൽഡ് തലത്തിലും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ 09/09/2021-ന് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ ഉന്നതതല അവലോകന യോഗത്തിൽ കോളനികളുടെ നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ഏജൻസികൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | പദ്ധതി വിലയിരുത്തുന്നതിനായി ജില്ലാ കലക്ടർ, ജില്ലാ പട്ടികജാതി വികസന ഓഫീസർ എന്നിവരുടെ നേതൃത്വത്തിലുള്ള ജില്ലാതല മോണിറ്ററിങ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ഈ കമ്മിറ്റി പ്രസ്തുത പദ്ധതി മോണിറ്റർ ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (സി) | ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടില്ല. ഡിസ്ട്രിക്ട് ഡെവലപ്പ്മെന്റ് കമ്മീഷ്ണറുടെ അദ്ധ്യക്ഷതയിൽ 06.08.2021 തീയതിയിൽ ചേർന്ന യോഗത്തിൽ ജില്ലയിലെ എല്ലാ പ്രവൃത്തികളും അവലോകനം ചെയ്തു. |
| (ഡി) | മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ? | (ഡി) | പദ്ധതികൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് 09/09/2021 ലെ ഉന്നതതല അവലോകന യോഗത്തിൽ ഏജൻസികൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| കോളനി | നിർവ്വഹണ ഏജൻസി | നിലവിലെ സ്ഥിതി |
|---|---|---|
| മാനീരി കോളനി | സിഡ്കോ കൺസ്ട്രക്ഷൻസ് | പ്രവൃത്തികൾ പൂർത്തീകരിച്ചു |
| കോട്ടാശ്ശേരി കോളനി | സിഡ്കോ | ◆ വീട് റിപ്പയർ, ശ്മശാനത്തിന്റെ റൂഫിംഗ്, അംഗൻവാടി നടപ്പാത, ചിറയിൽ ചുങ്കം കോട്ടാശ്ശേരി റോഡ് ബാരിയർ എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.<br>◆ കുടിവെള്ള പദ്ധതി 90 % പൂർത്തീകരിച്ചിട്ടുണ്ട്.<br>◆ റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഉൾപ്പെട്ട പ്രവൃത്തികൾ ഇനി പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്. 31.12.2021 ന മുൻപായി പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| എൻ.എച്ച്.കോളനി, കൊണ്ടോട്ടി നഗരസഭ | ജില്ലാ നിർമ്മിതി കേന്ദ്രം, മലപ്പുറം | ◆ ഉൾറോഡ് നടപ്പാത നിർമ്മാണം എന്നീ പ്രവർത്തികൾ പുരോഗമിക്കുന്നു.<br>◆ രണ്ട് റോഡുകളിൽ ഒരെണ്ണം സ്ഥലം വിട്ടു കിട്ടാത്തതിനാൽ നടന്നിട്ടില്ല.<br>◆ സംരക്ഷണ ഭിത്തി ശ്മശാന നവീകരണം എന്നീ പ്രവൃത്തികൾ തുടങ്ങിയിട്ടില്ല. |

സെക്ഷൻ ഓഫീസർ